# തമ്മിൽ തമ്മിൽ സ്നേഹം ആചരിപ്പിൻ

## 1 കൊരിന്ത്യർ 13:13

**"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ."**

ദൈവം സ്നേഹമാകുന്നുവെന്ന് നമ്മുടെ ചെറിയ പ്രായം മുതൽ നാം കേൾക്കുന്നവരാണ്. ലോകത്തെ രക്ഷിപ്പാൻ തന്റെ ഏകജാതനായ പുത്രനെ നൽകിയ ദൈവത്തിന്റെ സ്നേഹം അവർണ്ണനീയമാണ്. ക്രിസ്തുവോ നാം പാപികളായിരുന്നപ്പോൾ തന്നെ നമ്മെ സ്നേഹിച്ചു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. നാമും അപ്രകാരം തന്നെ ആയിരിക്കേണം. ഇന്ന് ലോകം പാപിയെന്ന് മുദ്രചെയ്ത് വെച്ചിരിക്കുന്ന വ്യക്തി ജീവിതങ്ങളെ സ്നേഹിക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും നാം തയ്യാറാവണം.

നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നമുക്കെന്തു പ്രയോജനം, ലോകത്തിന്റെ മക്കളും അങ്ങനെതന്നെ ചെയ്യുന്നുവല്ലോ. 'ശത്രുക്കളെ സ്നേഹിക്കണമെന്നും, നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നുമാകുന്നു' കർത്താവായ യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. എന്നാൽ ജീവിത സാഹചര്യങ്ങളിൽ നമ്മെ എതിർക്കുന്ന ശത്രുവിനെ അനുഗ്രഹിക്കുവാനും പ്രാർത്ഥിക്കുവാനും നാം പലപ്പോഴും മടിക്കുന്നു എന്നതല്ലേ വാസ്തവം.

ദൈവമക്കളാകുന്ന നമ്മിൽ ക്രിസ്തുവിന്റെ ഭാവവും സ്നേഹമനോഭാവവും നിറഞ്ഞെങ്കിൽ മാത്രമെ മറ്റുള്ളവരെയും സ്നേഹിക്കുവാനും കരുതുവാനും നമുക്ക് കഴിയുകയുള്ളു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല എന്നു തന്നെ പറയാം. നിസ്വാർത്ഥമായ സ്നേഹം നമ്മിൽ നൽകണമേ എന്ന് നമുക്ക് ദൈവത്തോട് അപേക്ഷിക്കാം. ഇന്ന് കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്നേഹത്തിന്റെ അഭാവം കൂടിവരുകയാണല്ലോ. എല്ലാവരും സ്വന്തകാര്യം മാത്രം നോക്കി ജീവിക്കുന്ന ഒരു ലോകമാണ് ഇന്നുള്ളത്. മറ്റുള്ളവരെ കബളിപ്പിച്ചും കവർന്നും സ്വന്തകീശ നിറയ്ക്കുവാൻ ശ്രമിക്കുന്ന ഈ ദുഷ്ടലോകത്തിൽ യഥാർത്ഥ സ്നേഹം കണ്ടെത്തുവാൻ വളരെ പ്രയാസമാണ്.

എന്നാൽ ദൈവമക്കളാകുന്ന ഓരോ വിശ്വാസിയുടെയും കണ്ണുകൾ ആ ക്രൂശിലെ സ്നേഹത്താൽ നിറയട്ടെ. ആ സ്നേഹത്താൽ മറ്റുള്ളവരെ കാണുവാനും കരുതുവാനും നമുക്ക് കഴിയണം. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്നാണല്ലോ. പലപ്പോഴും ഭയമാണ് നമ്മെ മറ്റുള്ളവരിൽ നിന്നും അകറ്റി കളയുന്ന ഒരു പ്രധാന ഘടകം.

എന്നാൽ ദൈവസ്നേഹം നമ്മിൽ കവിയുമ്പോൾ അത് മറ്റുള്ള എല്ലാ അതിരുകളെയും മുറിച്ചുകൊണ്ട് ശത്രുവിനെപ്പോലും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കി മാറ്റുന്നു.

നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ട സമയത്തുപോലും തന്നെ ക്രൂശിച്ചവരോട് ക്ഷമിക്കണമേ, ഇവർ ചെയ്യുന്നതെന്തെന്നറിയുന്നില്ല എന്നുള്ള പ്രാർത്ഥനയാൽ പിതാവിനോട് അപേക്ഷിക്കുന്നതായി കാണുന്നുവല്ലോ. അപ്രകാരം തന്നെ നമ്മെ ദുഷിപ്പിക്കുന്നവരെയും നമ്മുടെ ശത്രുക്കളെന്ന് നാം വിചാരിക്കുന്നവരെയും യേശുവിന്റെ നാമത്തിൽ നമുക്ക് അനുഗ്രഹിച്ച് പ്രാർത്ഥിക്കാം. ദൈവസ്നേഹം അധികമധികമായി നമ്മിൽ നിറയുവാൻ കർത്താവിനോട് പ്രാർത്ഥിക്കാം.

പരാമർശം :

റോമർ 13:8

അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടംപെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 018